32-ാമത്

വി. ദൈവമാതാവേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ

# പൂതംകുറ്റി സെന്റ് മേരീസ് കൺവെൻഷനും എട്ട് നോമ്പ് പെരുന്നാളും

## 2015 ആഗസ്റ്റ് 31 മുതൽ സെപ്റ്റംബർ 8 വരെ

ചിന്താവിഷയം : കർത്താവിന്റെ നാമം വിളിക്കുന്ന ഏവനും ജീവിക്കും (റോമർ 10.13)









പ്രിയരേ,

വി.ദൈവമാതാവിന്റെ അനുഗ്രഹദായകമായ വി.സൂനോറൊ സ്ഥാപിതമായത് മുതൽ മലങ്കര സഭയിലെ മരിയൻ തീർത്ഥാടന കേന്ദ്രമായി വളർന്ന് കൊണ്ടിരിക്കുന്ന ഈ പള്ളി അനേകർക്ക് ആശ്രയവും, അഭയസ്ഥാനവും അനുഗ്രഹവുമായി മാറിയിരിക്കുന്നു. ഇടവക സ്ഥാപനം മുതൽ നടത്തിവരുന്ന എട്ട് നോമ്പ് പെരുന്നാളും കൺവെൻഷനും ഏറെ പ്രസിദ്ധമാണ്. നോമ്പോടും പ്രാർത്ഥനയോടും കൂടെ മാതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയപ്പെടുന്നവർക്ക് അളവില്ലാത്ത അനുഗ്രഹങ്ങൾ ലഭിച്ച് കൊണ്ടിരിക്കുന്നു. ഈ വർഷത്തെ പെരുന്നാളും കൺവെൻഷനും **ശ്രേഷ്ഠ കാതോലിക്കയും മലങ്കരയുടെ യാക്കോബ് ബുർദ്ദാനയുമായ ഡോ. ആബൂൻ മോർ ബസ്സേലിയോസ് തോമസ് പ്രഥമൻ ബാവ**യുടെ മഹനീയ നേതൃത്വത്തിൽ അനുഗ്രഹകരമായി നടത്തുവാൻ കർത്താവിൽ ശരണപ്പെടുന്നു.

**ത്രിദിന ആന്തരീക സൗഖ്യധ്യാനം, സൗജന്യ രക്തഗ്രൂപ്പ് നിർണ്ണയം, രക്തദാനം, നേത്ര-കേൾവി ചികിത്സാക്യാമ്പ്, മർത്തമറിയം വനിതാസമാജം മേഖല കലോത്സവം, വിദ്യാരംഭശുശ്രൂഷ, സൺഡേസ്കൂൾ അദ്ധ്യാപകസംഗമം** തുടങ്ങിയ വിവിധ പരിപാടികൾ ക്രമീകരിച്ചിരിക്കുന്നു. അഭിവന്ദ്യരായ **ഡോ. എബ്രഹാം മോർ സേവേറിയോസ്, കുരിയാക്കോസ് മോർ ഗ്രിഗോറിയോസ്, യാക്കോബ് മോർ അന്തോണിയോസ്, ഏലിയാസ് മോർ യൂലിയോസ്, ഡോ. മാത്യൂസ് മോർ അന്തീമോസ്** എന്നീ മെത്രാപ്പോലീത്തമാർ പെരുന്നാൾ ശുശ്രൂഷകൾക്ക് മഹനീയ നേതൃത്വം നൽകുന്നതാണ്. ഈ വർഷത്തെ കൺവെൻഷൻ അഭിവന്ദ്യ മോർ മാത്യു വാണിയകിഴക്കേൽ മെത്രാൻ ഉദ്ഘാടനം ചെയ്യുന്നതും അനുഗ്രഹീത സുവിശേഷകർ വചനശുശ്രൂഷ നടത്തുന്നതുമാണ്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു. പരിപാടികളിൽ ആദ്യന്തം സംബന്ധിക്കുവാൻ ഏവരേയും കർതൃനാമത്തിൽ ക്ഷണിച്ച് കൊള്ളുന്നു.

22.08.2015
പൂതംകുറ്റി

എന്ന്,

**വർഗ്ഗീസ് പുളിയൻ കോർഎപ്പിസ്കോപ്പ**
**വികാരി**



അഭിവന്ദ്യ ഡോ. എബ്രഹാം മോർ സേവേറിയോസ് മെത്രാപ്പോലീത്ത



അഭിവന്ദ്യ കുരിയാക്കോസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത



അഭിവന്ദ്യ യാക്കോബ് മോർ അന്തോണിയോസ് മെത്രാപ്പോലീത്ത



അഭിവന്ദ്യ ഏലിയാസ് മോർ യൂലിയോസ് മെത്രാപ്പോലീത്ത



അഭിവന്ദ്യ ഡോ. മാത്യൂസ് മോർ അന്തീമോസ് മെത്രാപ്പോലീത്ത

**കൺവെൻഷൻ ഉദ്ഘാടനം**



അഭിവന്ദ്യ മോർ മാത്യു വാണിയ കിഴക്കേൽ മെത്രാൻ (സത്ന രൂപതാ മുൻബിഷപ്പ്)



ഫാ. എൽദോസ് പാലയിൽ (ഇടവകാംഗം)

## ഇടവകയ്ക്ക് അനുഗ്രഹമായി വന്ദ്യ കോർ എപ്പിസ്കോപ്പ



വെരി. റവ. വർഗ്ഗീസ് പുളിയൻ കോർ എപ്പിസ്കോപ്പ (ഇടവക വികാരി)

'ഞാൻ നല്ല ഇടയനാകുന്നു. നല്ല ഇടയൻ തന്റെ ആടുകൾക്കുവേണ്ടി ജീവനെ കൊടുക്കുന്നു (വി.യോഹന്നാൻ)".ഈ തങ്കവാക്യം യാഥാർത്ഥ്യമാക്കത്തക്ക രീതിയിൽ പൂതംകുറ്റി ഇടവക രൂപീകൃതമായ 1984 മുതൽ 1995 വരെ 11 വർഷവും പുതിയ പള്ളിയുടെ നിർമ്മാണ കാലയളവിൽ 2003 മുതൽ 2008 വരെ 5 വർഷവും, ഇപ്പോൾ 2015 ജനുവരി മുതൽ 3-ാം പ്രാവശ്യവും ഈ ഇടവകക്ക് അനുഗ്രഹമായി വന്ദ്യ വർഗ്ഗീസ് പുളിയൻ കോർ എപ്പിസ്കോപ്പ വികാരിയായി സേവനമനുഷ്ഠിച്ച് പോരുന്നു. ഇത് പൂതംകുറ്റി ഇടവകക്കാരുടെ ഭാഗ്യവും ദൈവത്തിന്റെ തീരുമാനവുമാണ്. ഇടവകയുടെ ആരംഭവർഷം മുതൽ തന്നെ വി.ദൈവമാതാവിന്റെ ജനനപെരുന്നാൾ വളരെ വിപുലമായ രീതിയിൽ തന്നെ നടത്തുവാനും പൂതംകുറ്റി എന്ന ഗ്രാമത്തെയും ഈ ഇടവകയേയും ലോകം മുഴുവൻ അറിയപ്പെടുന്ന രീതിയിൽ വളർത്തിയെടുത്ത് ഇടവകയുടെ വളർത്തച്ഛനായ വന്ദ്യ കോർ എപ്പിസ്കോപ്പ പൗരോഹിത്യ ജീവിതത്തിന്റെ ഏറിയപങ്കും ചിലവഴിച്ചത് പൂതംകുറ്റി പള്ളിയിലാണ്. പരിശുദ്ധ സഭയിലെ ഏറ്റവും സീനിയറായ വന്ദ്യ കോർ എപ്പിസ്കോപ്പ ഈ ചെറിയ ഇടവകയിൽ വികാരിയായി സേവനമനുഷ്ഠിക്കുന്നത് ഇടവകയുടെ ആത്മീയതയ്ക്ക് വളരെ നല്ലതാണ്.

പൂതംകുറ്റിക്ക് ഒരു തിലകക്കുറിയായി അതിമനോഹരമായ വി.ദൈവാലയം നിർമ്മിക്കുവാനും വി.ദൈവമാതാവിന്റെ സൂനോറോ സ്ഥാപിക്കുവാനായതും ഇടവകയുടെ ചരിത്രത്തിൽ പൊൻകിരീടമായി ഈ ദൈവാലയം പണിയുവാൻ രാപകലില്ലാതെ ഓടിനടന്ന് അദ്ധ്വാനിച്ചത് ഈ ഇടവകക്കാർക്ക് ഒരിക്കലും മറക്കുവാൻ കഴിയുകയില്ല. ഇവിടത്തെ ആത്മീയ പ്രസ്ഥാനങ്ങളായ സണ്ടേസ്കൂൾ, വനിതാസമാജം, യൂത്ത് അസ്സോസിയേഷൻ, കുടുംബയൂണിറ്റുകൾ തുടങ്ങിയവയെല്ലാം ആരംഭിച്ചത് വന്ദ്യ കോർ എപ്പിസ്കോപ്പയാണ്. ഒരോ ഇടവകയെ സംബന്ധിച്ചും ദൈവത്തിനുള്ള സ്വപ്നങ്ങൾ വലുതാണ്. ഈ പള്ളിയുടെ എല്ലാ വളർച്ചയും യാഥാർത്ഥ്യമാക്കിയത് ദൈവത്തിന്റെവരദാനമായ വന്ദ്യ ആചാര്യനാണ്. ആകമാന സുറിയാനി സഭയുടെ പാരമ്പര്യങ്ങളും, പൈതൃകവും, വി. വേദപുസ്തകത്തിന്റെ മഹിമയും മഹത്വവുമെല്ലാം ഈ വന്ദ്യ ആചാര്യൻ ഇടവക മക്കളെ പഠിപ്പിച്ചു. ഇതുമൂലം ആത്മീയമായും ഭൗമീകമായും ഇടവകയ്ക്ക് മുന്നേറുവാൻ കഴിഞ്ഞു. ഈ വൈദീക ശ്രേഷ്ഠൻ പരിശുദ്ധ സഭയ്ക്ക് അനവധി സേവനങ്ങൾ ചെയ്തിട്ടുണ്ട്. ഗൾഫ് രാജ്യങ്ങളിൽ കുവൈറ്റ് ഒഴികെയുള്ള എല്ലാ പള്ളികളുടെയും സ്ഥാപകനും ആദ്യ വികാരിയുമാണ്. മുൻവികാരി ആയിരുന്ന ബഹു. ചക്യാട്ടിൽ എൽദോസ് കശീശ കുവൈറ്റ് പള്ളിയിലേക്ക് മാറ്റപ്പെട്ടപ്പോൾ യാദൃശ്ചികമായിട്ടാണെങ്കിലും വീണ്ടും ഇടവക വികാരിയായി കോർ എപ്പിസ്കോപ്പ വന്നു എന്നുള്ളത് ദൈവനിശ്ചയമാണ്. സപ്തതിയോടടുക്കുന്ന ഞങ്ങളുടെ പ്രിയപ്പെട്ട വന്ദ്യ കോർ എപ്പിസ്കോപ്പയ്ക്ക് ഇടവകസമൂഹത്തിന്റെ പ്രാർത്ഥനാമംഗങ്ങളങ്ങൾ സമർപ്പിക്കുന്നു.

## വി. സൂനോറോ ദർശനം ആണ്ടിലൊരിക്കൽ മാത്രം

പൂതംകുറ്റി പള്ളിയിൽ മനോഹരമായ പേടകത്തിൽ സ്ഥാപിച്ചിട്ടുള്ള വി.ദൈവമാതാവിന്റെ വി.സൂനോറോ പേടകത്തിൽനിന്ന് പുറത്തെടുക്കുന്നത് ആണ്ടിലൊരിക്കൽ മാത്രമാണ്. വർഷംതോറും സെപ്തംബർ 7 ന് സന്ധ്യാപ്രാർത്ഥനയ്ക്കും ഭക്തിനിർഭരമായ പ്രദക്ഷിണത്തിനും ശേഷമാണ് വി. സൂനോറോ പുറത്തെടുക്കൽ ചടങ്ങ്. **ഈ വർഷം വിശുദ്ധ സൂനോറോ പുറത്തെടുക്കുന്നത് അഭിവന്ദ്യ യാക്കോബ് മോർ അന്തോണിയോസ് മെത്രാപ്പോലീത്തയാണ്.** ഈ പള്ളിയിലെ ഏറ്റവും ഭക്തിനിർഭരമായ ചടങ്ങാണിത്. മെഴുകുതിരികൾ കത്തിച്ചു പിടിച്ച് നൂറുകണക്കിന് വിശ്വാസികളുടെ കണ്ഠങ്ങളിൽ നിന്ന് 'മാതാവേ, ഞങ്ങൾക്കുവേണ്ടി



അപേക്ഷിക്കണമേ' എന്ന പ്രാർത്ഥനാമന്ത്രം ഉയരുമ്പോൾ അനേകം വൈദികരുടെ നേതൃത്വത്തിൽ വി. സൂനോറോ പേടകത്തിൽനിന്ന് പുറത്തെടു ക്കുന്നു. പള്ളിമണികളുടെ മുഴക്കവും താളമേ ളങ്ങളുടെയും കതിനാവെടികളുടെ ശബ്ദവും ചടങ്ങിന്റെ പ്രൗഢി വർദ്ധിപ്പിക്കും. വിമദ്ബഹായിൽ വന്ദനവിന് ശേഷം വി. സൂനോറോ പൊതുദർശനത്തിനു വയ്ക്കും. തുടർന്ന് പിറ്റേ ദിവസവും (സെപ്തംബർ 8) വി.കുർബ്ബാനമദ്ധ്യേ ദർശന സൗകര്യം ഉണ്ടായിരിക്കും. പെരുന്നാൾ സമാപിക്കുമ്പോൾ വി.സൂനോറോ പേടകത്തിൽ തിരികെ സ്ഥാപിക്കും.

## അനുഗ്രഹങ്ങളുടെ കലവറയായ പൂതംകുറ്റി പള്ളി

അങ്കമാലി ഭദ്രാസനത്തിന്റേയും എറണാകുളം ജില്ലയുടെ വടക്കേ അറ്റത്ത് ചാലക്കുടി പുഴത്തീരത്ത് സ്ഥിതിചെയ്യുന്ന പൂതംകുറ്റി സെന്റ് മേരീസ് പള്ളി അശരണരുടേയും ആലംബഹീനരുടേയും അഭയ സ്ഥാനമാണ്. നാനാജാതി മതസ്ഥരായ അനേക ആളുകൾ മാതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയപ്പെട്ട് പ്രാർത്ഥിച്ച് രോഗശാന്തിയും സമാധാനവും സന്തോഷവും പ്രാപിക്കുന്നു. മാതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന, പള്ളിയിൽ ഭജനയിരുന്ന് പ്രാർത്ഥിക്കൽ, തൂക്കപാച്ചോർ നേർച്ച എന്നിവയാണ് മുഖ്യ വഴി പാടുകൾ, ഭജനയിരുന്ന് പ്രാർത്ഥിക്കുന്നവർക്ക് ഭക്ഷണവും താമസസൗകര്യവും പള്ളിയിൽ ക്രമീകരിച്ചിട്ടുണ്ട്. തന്നോടപേക്ഷിക്കുന്നവരെ ഉപേക്ഷിക്കാത്ത മാതാവിന്റെ സന്നിധിയിൽ അനേകംപേർ നേർച്ച കാഴ്ചകളോടെ എത്തുന്നു.

എട്ട് നോമ്പ് പെരുന്നാളിൽ എല്ലാ ദിവസവും രാവിലെ വി. കുർബ്ബാനയും പകൽ ധ്യാനയോഗങ്ങളും വൈകീട്ട് സന്ധ്യാപ്രാർത്ഥനയും സുവിശേഷ യോഗങ്ങളും അനുഗ്രഹകരമായി നടത്തുന്നു. എല്ലാ ദിവസവും അഭിവന്ദ്യ പിതാക്കന്മാർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നു. ഇവിടുത്തെ കൺവെൻഷൻ എക്യുമീനിക്കൽ കൺവെൻഷനായിട്ടാണ് നടന്ന് വരുന്നത്. വിവിധ ക്രൈസ്തവ സഭകളുടെ പിതാക്കന്മാരും വൈദീകരും സന്യസ്തരും കൺവെൻഷനിൽ സന്ദേശം നൽകിവരുന്നു.

നാനാജാതി മതസ്ഥരായ ആളുകൾ ഓഹരികളെടുത്താണ് പെരുന്നാൾ നടത്തുന്നത്.

ഓഹരികളും വഴിപാടുകളും: വികാരി,സെന്റ് മേരീസ് യാക്കോബായ സുറിയാനി പള്ളി, പൂതംകുറ്റി, താമ്പോർ പി.ഒ. - 683577, അങ്കമാലി



**കെ.വി. മത്തായി**
കൊല്ലാർമാലിൽ, ട്രസ്റ്റി



**കെ.സി. ജോർജ്ജ്**
കരേടത്ത്, ട്രസ്റ്റി



**ടി.എം. യാക്കോബ്**
തേലപ്പിള്ളി, സെക്രട്ടറി



**പി.പി. എൽദോ**
പന്തൽകുടി, ജനറൽ കൺവീനർ & സണ്ടേ സ്കൂൾ ഹെഡ്മാസ്റ്റർ

## ഇടവക മാനേജിംഗ് കമ്മിറ്റി


ടി.എം. വർഗ്ഗീസ്
തേലപ്പിള്ളിൽ


കെ.എം. വർഗ്ഗീസ്
കരേടത്ത്
സപ്ലിമെന്റ് കോർഡിനേറ്റർ


പോളി ഇട്ടൂപ്പ്
യൂത്ത് സെക്രട്ടറി &
പ്രാർത്ഥനായോഗം കോർഡിനേറ്റർ


കെ.സി. ഏലിയാസ്
കരേടത്ത്


ടി.എം. പൗലോസ്
തേലപ്പിള്ളിൽ


പി.ടി. പൗലോസ്
പറവട്ടിൽ


കെ.ടി. ഷാജു
കരേടത്ത്


എം.എം. ടെൻസിംഗ്
മണ്ണുപറമ്പിൽ


പി.പി. ഏലിയാസ്
പ്ലാച്ചേരി


എം.വി. യോഹന്നാൻ
മോളശ്ശേരി


എൽദോ പി.പി.
പുളിയൻ


കെ.വി. എൽദോ
കരേടത്ത്


പി.പി. പോൾസൺ
നമ്പ്യാരത്തുപാറയിൽ
മദ്ബഹാ ശുശ്രൂഷകൻ


ബേബി മത്തായി
പ്ലാച്ചേരി
വനിതാസമാജം സെക്രട്ടറി

# ചരിത്ര പ്രസിദ്ധമായ കൺവെൻഷൻ

കേരളത്തിൽ ക്രൈസ്തവ കൺവെൻഷനുകളിൽ 8 ദിവസം ദൈർഘ്യമുള്ള ഏക കൺവെൻഷൻ. സുവിശേഷരംഗത്ത് പ്രശസ്തരായ പരിശുദ്ധാത്മ നിറവുള്ള സുവിശേഷകർ പ്രസംഗിച്ച് വരുന്നു. അത്ഭുതങ്ങളും അടയാളങ്ങളും തീർന്നിട്ടില്ലാത്ത പൂതംകുറ്റി പള്ളിയിൽ അനുഗ്രഹമാരി ചൊരിയുന്ന കൺവെൻഷൻ ശ്രവിക്കുന്നതിനായി അനേകം ആളുകൾ വന്നുചേരുന്നു. അനു ഗ്രഹത്തിന്റെ പ്രഭയും പരിശുദ്ധിയുടെ പരിമളവും പരത്തുന്ന പുണ്യഭൂമിയായി ഈ ദേശം മാറിയിരിക്കുന്നു. ഈ വർഷത്തെ സുവിശേഷ പ്രാസംഗീകരായി ആഗസ്റ്റ് 31 ന് വെ. റവ. ജോർജ്ജ് മാന്തോട്ടം കോർ എപ്പിസ്കോപ്പ, സെപ്റ്റംബർ 1 ന് റവ. ഫാ. അരുൺ സി. എബ്രഹാം, 2 ന് റവ. ഫാ. വർഗ്ഗീസ് പനച്ചിയിൽ, 3 ന് വെരി. റവ. പൗലോസ് പാറേക്കര കോർ എപ്പിസ്കോപ്പ, 4 ന് റവ. ഫാ. ജോർജ്ജ് പാറേക്കാട്ടിൽ, 5 ന് റവ. ഫാ. ജോസ് തോമസ്, 6ന് റവ. ഫാ. മാത്യു ഈരാളിൽ, 7 ന് സമാപന സന്ദേശം നൽകി അനുഗ്രഹിക്കുന്നത് അഭിവന്ദ്യ യാക്കോബ് മോർ അന്തോണിയോസ് മെത്രാപ്പോലീത്തയാണ്.

# പാച്ചോർ തുലാഭാരം മുഖ്യ വഴിപാട്

പുതംകുറ്റി പള്ളിയിലെ എട്ടുനോമ്പു പെരുന്നാളിൽ സവിശേഷതയാർന്ന വഴിപാടാണ് പാച്ചോർ തുലാഭാരം അഥവാ തൂക്കപാച്ചോർ നേർച്ചസെപ്തംബർ 7 ന് വൈകിട്ട് 5 മണിക്കാണ് വഴിപാട് നടത്തുന്നത്. പള്ളിയുടെ മുഖമണ്ഡപത്തിൽ പ്രത്യേകം തയ്യാറാക്കുന്ന വേദിയിലാണ് തൂക്കം നടക്കുന്നത്.പ്രത്യേക പ്രാർത്ഥനകൾക്കുശേഷം വി.സുനോറോ പേടകത്തിന്മുമ്പിലെ വിളക്കിൽനിന്ന് വൈദികർ കത്തിച്ചുകൊടുക്കുന്ന മെഴുകുതിരികളേന്തി മുഖമണ്ഡപത്തിലെത്തുന്ന നേർച്ചക്കാരെ പ്രായമൂപ്പു ക്രമത്തിലാണ് തൂക്കുന്നത്.തുലാസിന്റെ ഒരു തട്ടിൽ നേർച്ചക്കാരനെ ഇരുത്തും.മറുതട്ടിൽ തുല്യതൂക്കത്തിനുള്ള ശർക്കരയും വെയ്ക്കും.ആളുടെ തൂക്കത്തിനനുസരിച്ച് ശർക്കരയും ശർക്കരയുടെ തൂക്കത്തിന്റെ അനുപാതത്തിൽ അരിയും നാളികേരവും ചേർത്ത് പാച്ചോറുണ്ടാക്കി പെരുന്നാൾ സമാപനത്തിൽ വിശ്വാസികൾക്ക് വിളമ്പുംഏഴുദിവസവും നോമ്പെടുത്താണ് വിശ്വാസികൾ നേർച്ച നടത്തുന്നത്.പ്രധാനമായും രോഗശാന്തി , മംഗല്യസൗഭാഗ്യം, സന്താനസൗഭാഗ്യം,സാമ്പത്തികതകർച്ചയിൽ നിന്നുള്ള മോചനം, മന:ശ്ശാന്തി എന്നിവയ്ക്കുവേണ്ടിയാണ് ഈ നേർച്ചനടത്തു ന്നത്ഈ നേർച്ചനടത്തി അത്ഭുതകരമായ അനുഗ്രഹങ്ങൾ ലഭിച്ചതായി നിരവ ധിപേർ സാക്ഷ്യപ്പെടുത്തുന്നു. സെപ്തംബർ 7-ാം തീയതി രാത്രി ഇടവകക്കാരും നേർച്ചക്കാരും ശ്രമദാനമായിട്ടാണ് പാച്ചോർ പാകം ചെയ്യുന്നത്.

# സൗജന്യ നേത്ര-കേൾവി ചികിത്സാ ക്യാമ്പ്

പൂതംകുറ്റി പള്ളിയിൽ എട്ട് നോമ്പ് പെരുന്നാളിനോടനുബന്ധിച്ച് അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയിലെ നേത്രചികിത്സാ വിഭാഗവും, ഇ.എൻ.ടി വിഭാഗവും സെപ്തംബർ 4 വെള്ളിയാഴ്ച രാവിലെ 9 മണി മുതൽ ഉച്ചക്ക് 12 മണി വരെ സൗജന്യ നേത്ര ചികിത്സാ ക്യാമ്പ് നടത്തുന്നു. മൂക്കന്നൂർ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ.പി.വി.മോഹനൻ ക്യാമ്പ് ഉദ്ഘാടനം ചെയ്യും. അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയിലെ നേത്ര ചികിത്സാ വിഭാഗം പ്രൊജക്ട് ഓഫീസർ ശ്രീ.സോണി ജോസ് ആശംസകൾ അർപ്പിക്കും.

ക്യാമ്പിൽവെച്ച് നേത്ര-കേൾവി രോഗമുള്ളവരെ സൗജന്യമായി പരിശോധിക്കുന്നതും, തിമിര ശസ്ത്രക്രിയ വേണ്ടവരെ അടുത്തദിവസങ്ങളിൽ ആശുപത്രിയിലേക്ക് കൊണ്ടുപോകുന്നതും, ഓപ്പറേഷൻ നടത്തി കൊടുക്കുന്നതുമാണ്. പേര് രജിസ്റ്റർ ചെയ്യുന്നതിനും, ക്യാമ്പിൽ പങ്കെടുക്കുന്നതിനും യാതൊരു കാരണവശാലും ഫീസ് ഈടാക്കുന്നതല്ല. ക്യാമ്പിൽ ചികിത്സക്ക് എത്തുന്നവർ മുൻകൂട്ടി പേരുകൾ താഴെ കാണുന്ന ഫോൺ നമ്പറുകളിൽ രജിസ്റ്റർ ചെയ്യേണ്ടതും വെള്ളിയാഴ്ച രാവിലെ വന്ന് ഡോക്ടറെ കാണുന്നതിനായി ടോക്കൺ എടുക്കേണ്ടതാണ്.

9946591583, 9745370223, 9745235632


കൺവെൻഷൻ പന്തലിന്റെ കാൽനാട്ട് കർമ്മം വികാരി വന്ദ്യ വർഗ്ഗീസ് പുളിയൻ കോർ എപ്പിസ്കോപ്പ നിർവ്വഹിക്കുന്നു.

# മദ്ധ്യസ്ഥ പ്രാർത്ഥനയുടെ ചൈതന്യം

വി.കുർബ്ബാനമദ്ധ്യേ നടത്തുന്ന വി.ദൈവമാതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ദൈവത്തിന്റെ സന്നിധിയിൽ നിന്നും ലഭിക്കുന്ന അനുഗ്രഹങ്ങളാണ് ഈ ഇടവകയുടെ അത്മചൈതന്യം. കേവലം 110 കുടുംബങ്ങൾമാത്രമുള്ള ഈ ഇടവകയിൽ വർഷത്തിൽ ശരാശരി 15000 പേർ മദ്ധ്യസ്ഥ പ്രാർത്ഥന നടത്തുന്നു. 5 രൂപയാണ് മദ്ധ്യസ്ഥപ്രാർത്ഥനയുടെ ചാർജ്ജ്. മെഴുകുതിരികൾ കത്തിച്ചുപിടിച്ചാണ് വിശ്വാസികൾ മദ്ധ്യസ്ഥപ്രാർത്ഥനയിൽ സംബന്ധിക്കുന്നത്. ഇവിടെ മദ്ധ്യസ്ഥപ്രാർത്ഥനയോട് ചേർന്ന് രോഗികൾക്കുവേണ്ടിയുള്ള പ്രാർത്ഥനയും നടത്തുന്നു. പള്ളിയിൽ ഹാജരാകാൻ കഴിയാത്ത കുടുംബാംഗങ്ങൾക്കും ബന്ധുമിത്രാദികൾക്കുംവേണ്ടി ഹാജരാകുന്നവർ പ്രാർത്ഥന നടത്തുന്നു. എട്ടുനോമ്പു പെരുന്നാളിലും ആദ്യശനിയാഴ്ചകളിലും ഞായറാഴ്ചകളിലും വി.കുർബ്ബാനയിൽ പങ്കെടുക്കുന്ന എല്ലാവരും തന്നെ മദ്ധ്യസ്ഥ പ്രാർത്ഥനയിലും പങ്കെടുക്കുന്ന അനുഭവമാണിവിടെ.

# പരിശുദ്ധദൈവമാതാവിന്റെ വിശുദ്ധ സൂനോറോ

സൗഭാഗ്യവതിയായ പരിശുദ്ധ കന്യകമറിയം അമ്മ 51-ാമത്തെ വയസ്സിൽ യരുശേലമിൽവച്ച് നിര്യാണം പ്രാപിച്ചു. കർത്തൃ ശിഷ്യന്മാർ പരി.അമ്മയുടെ നിര്യാണ വാർത്ത പരിശുദ്ധാത്മാവിൽ ഗ്രഹിച്ച് വിവിധ സ്ഥലങ്ങളിൽ നിന്നും മേഘങ്ങളിൽ എടുക്കപ്പെട്ട് മാതൃ സവിധത്തിൽ വന്നെത്തി. ഗത്സമനത്തോട്ടത്തിൽ കർത്താവ് പ്രാർത്ഥിച്ച സ്ഥലത്തോടു ചേർന്ന് വി. മാതാവിന്റെ ഭൗതീക ശരീരം പ.ശ്ലീഹന്മാർ ബഹുമതിപൂർവ്വം സംസ്കരിച്ചു. മൂന്നാംദിവസം കർത്തൃ കല്പനപ്രകാരം വിശുദ്ധ മാലാഖമാർ പരി.അമ്മയുടെ ശരീരം അഗ്നിരഥത്തിൽ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോ യി. പരി. അമ്മയുടെ സ്വർഗ്ഗാരോഹണ സമയത്തു മാത്രമാണ് ഇന്ത്യയുടെ അപ്പോസ്തലനായ വി.തോമാശ്ലീഹായ്ക്ക് എത്തിച്ചേരുവാൻ സാധിച്ചത്. സ്വതവേ സംശയാലുവായിരുന്ന വി.തോമാശ്ലീഹാ പരി.അമ്മയുടെ സ്വർഗ്ഗാരോഹണം നേരിൽ കണ്ടു എന്ന് മറ്റുള്ളവരെ വിശ്വസിപ്പിക്കുന്നതിനായി ഒരു അടയാളം നൽകണമെന്ന് അമ്മയോട് അപേക്ഷിച്ചു. വി. മാതാവിന്റെ ഭൗതീകശരീരം വഹിച്ചിരുന്ന അഗ്നിരഥം തൽക്ഷണം വായുമണ്ഡലത്തിൽ നിശ്ചലമാകുകയും പരി. അമ്മ ധരിച്ചിരുന്ന ഇടക്കെട്ടും (വി.സൂനോറോ) മുഖശീലയും വി.തോമാശ്ലീഹായുടെ കരങ്ങളിലേക്ക് വന്നു പതിക്കുകയും ചെയ്തു. അത് മറ്റു ശ്ലീഹന്മാരെ കാണിച്ച് പരി. അമ്മയുടെ സ്വർഗ്ഗാരോഹണ ദർശനത്തിന് വിശ്വാസ്യത വരുത്തി സംതൃപ്തനായി വി.സൂനോറോയുമായി തോമാശ്ലീഹാ വീണ്ടും ഇന്ത്യയിലേക്ക് തിരിച്ചു. കാലാന്തരത്തിൽ വി.സൂനോറോ ഉറഹായിലേക്കും, പിന്നീട് സിറിയായിൽ ഹോംസിലെ പള്ളിയിലേക്കും വി.സൂനോറോ മാറ്റി സൂക്ഷിച്ചു.

പൗരാണിക രേഖകൾ പരിശോധിക്കുന്നതിൽ സ്വതവേ തല്പരനായ പുണ്യശ്ലോകനായ പരിഇഗ്നാത്തിയോസ് അപ്രേംപാത്രിയാർക്കീസ് ബാവാ പുരാതന രേഖകൾ പരിശോധിക്കുന്നതിനിടയിൽ തുകലിൽ പൊതിഞ്ഞ് സൂക്ഷിച്ചിരിക്കുന്ന എഴുത്തുകൾ കണ്ടെത്തി. ഹോംസി ലെ സഭാംഗങ്ങൾ മർദ്ദീനിലെ സഭാംഗങ്ങൾക്കെഴുതിയ ലേഖനത്തിൽ 1852-ൽ പരി.ദൈവമാതാവിന്റെ വി.സുനോറോ കണ്ടെത്തിയെന്നും, വി.ത്രോണോസ്സിനുള്ളിൽ വീണ്ടും സൂക്ഷിച്ചിരിക്കുന്നു എന്നും രേഖ പ്പെടുത്തിയിരുന്നു. ഇതനുസരിച്ച് പരി.ബാവാ തിരുമനസ്സുകൊണ്ട് 1953-ൽ വി. ത്രാണോസ് പൊളിച്ചു.

അപ്പോൾ ഒരു മാർബിൾ പേടകത്തിനുള്ളിൽ എഡി.59-ൽ ഈ പള്ളി പണിയപ്പെട്ടു എന്ന രേഖയോടൊപ്പം ഒരു കൽപാത്രവും അതിനു ള്ളിൽ വെള്ളിപാത്രത്തിൽ പരി.ദൈവമാതാവിന്റെ വി.സൂനോറോയും കണ്ടെത്തി. ജാതിമതഭേദമെന്യേ ഹോംസ് നിവാസികളും വിദേശികളും അവി ടേക്ക് ആകർഷിക്കപ്പെട്ടു. പുരാവസ്തു ഗവേഷക ന്മാരായ വിവിധ മതസ്ഥരുടെ സസൂക്ഷ്മ പരിശോധനയിൽ വി.സൂനോറോയുടെ പൗരാണികത്വവും സത്യാവ സ്ഥയും പരിപൂർണ്ണമായി ബോധ്യപ്പെട്ടു.

ആകമാന സുറിയാനി സഭയ്ക്കു മാത്രമായി ലഭിച്ച ഈ അമൂല്യനിധി യുടെ ഒരംശം പരി. പാത്രിയാർക്കീസ് ബാവ മലങ്കരയിലെ പല പ്രമുഖ ദേവാലയങ്ങളിലും വിശ്വാസികളുടെ അനുഗ്രഹത്തിനായി സ്ഥാപിക്കുവാൻ നൽകി. ആകമാന സുറിയാനി സഭയുടെ തലവൻ പരിഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവയുടെ കല്പനപ്രകാരം മലങ്കരയുടെ യാക്കോബ് ബുർദ്ദാന ശ്രേഷ്ഠകാതോലിക്ക ബസേലിയോസ് തോമസ് പ്രഥമൻ ബാവ തിരുമനസുകൊണ്ട് 2005 സെപ്തംബർ 1 ന് പൂതംകുറ്റി സെന്റ് മേരീസ് പള്ളിയിൽ അനു ഗ്രഹദായകമായ വി.സൂനോറോ സ്ഥാപിച്ചു.

# ത്രിദിന ആന്തരീക സൗഖ്യ ധ്യാനം

പൂതംകുറ്റി പള്ളിയിൽ എട്ട് നോമ്പ് പെരുന്നാളിനോടനുബന്ധിച്ച് പരിശുദ്ധ സഭയുടെ കീഴിലുള്ള സെന്റ് ജോൺസ് മിഷൻ നേതൃത്വം നൽകുന്ന ആന്തരീക സൗഖ്യ ധ്യാനം സെപ്തംബർ 1,2,3 (ചൊവ്വ, ബുധൻ, വ്യാഴം) തീയതികളിലായി നടത്തും. മൂന്ന് ദിവസം നീണ്ട് നിൽക്കുന്ന തിരുവചന ധ്യാനഗാന ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നത് കേരള ത്തിനകത്തും പുറത്തും ധ്യാനങ്ങൾ നയിച്ചുകൊണ്ടിരിക്കുന്ന പരിശുദ്ധാത്മ നിറവുള്ള വൈദികരും സന്യസ്തരുമാണ്. ആവശ്യമുള്ളവർക്ക് താമസ ഭക്ഷണ സൗകര്യങ്ങൾ ക്രമീകരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതല്ല.

## രക്തം നൽകൂ... ജീവൻ രക്ഷിക്കൂ....

പൂതംകുറ്റി പള്ളിയിൽ എട്ട് നോമ്പ് പെരുന്നാളിനോടനുബന്ധിച്ച് ഇടവകയിൽ പ്രവർത്തിക്കുന്ന സെന്റ് മേരീസ് യൂത്ത് അസ്സോസിയേഷന്റെ നേതൃത്വത്തിൽ സമീപപ്രദേശങ്ങളിലുള്ള ശ്രേയസ് ആർട്സ് സ്പോർട്സ് ക്ലബ്ബ് കട്ടിംഗ്, രശ്മി സ്പോർട്സ് ക്ലബ്ബ് കാരമറ്റം, യൂത്ത് ഫ്രണ്ട്സ് താബോർ, പൂതംകുറ്റി ജംഗ്ഷനിലെ ഓട്ടോ ഡ്രൈവേഴ്സ് ഇവരുടെ സഹകരണത്തോടെ ആലുവ ജില്ലാ ആശുപത്രിയുടെ IMA ബ്ലഡ് ബാങ്കിന്റെ ആഭിമുഖ്യത്തിൽ സൗജന്യ രക്തഗ്രൂപ്പ് നിർണ്ണയവും രക്തദാനവും വ്യാഴാഴ്ച രാവിലെ നടത്തപ്പെടുന്നു. 10.30 ന് വാർഡ് മെമ്പർ ശ്രീ.കെ.എസ്. മൈക്കിൾ ഉദ്ഘാടനം ചെയ്യും. ഗ്രാമപഞ്ചായത്ത് അംഗം ശ്രീമതി ദെലീല തോമസ് ആശംസകളർപ്പിക്കും.

# കൗദാശീക ദൈവശാസ്ത്രം ബൈബിൾ കോഴ്സ്

## സെപ്തംബർ 12 ന് ആരംഭിക്കുന്നു

വി.കുർബ്ബാന സമ്പൂർണ്ണ പഠന കോഴ്സിന് ശേഷം അങ്കമാലി സുവിശേഷ സംഘത്തിന്റെ നേതൃത്വത്തിൽ പൂതംകുറ്റി പള്ളിയിൽ സെപ്തംബർ 12 മുതൽ കൗദാശീക ദൈവശാസ്ത്രം എന്ന വിഷയത്തിൽ പ്രതിവാര ബൈബിൾ കോഴ്സ് ആരംഭിക്കുകയാണ്. ശനിയാഴ്ചകളിൽ വൈകിട്ട് 4 മുതൽ 6 വരെ നടത്തുന്ന കോഴ്സിന് നേതൃത്വം നൽകുന്നത് ഇടവകയുടെ അഭിമാനമായ ഫാ.എൽദോസ് പാലയിലും സംഘവുമാണ്.

സഭ ആരാധിക്കുന്ന സമൂഹമാണ്. കൂദാശകൾ കേവലം അനുഷ്ഠാനങ്ങൾക്കപ്പുറത്ത് രക്ഷാകര ചരിത്രത്തിലെ നിർണ്ണായക സംഭവങ്ങളാണ്. വിശ്വാസികളുടെ കൂട്ടായ്മയിലൂടെ മാത്രമേ കൂദാശകളും ആരാധലയും ഫലദായകമാകൂ. അതായത് വിശ്വാസികൾ അനുഗുണമായ മനോഭാവത്തോടെ സമീപിക്കുകയും, ഏകാഗ്രചിത്തരായി സംബന്ധിക്കുകയും ചെയ്യുമ്പോഴാണ് കൂദാശകൾ ഫലവത്താകുന്നത്. കൂദാശകളിലും ആരാധനകളിലും വിശ്വാസികൾ ഭാഗമാകുമ്പോൾ അപരിചിതരെപ്പോലെയോ, നിശബ്ദ പ്രേക്ഷകരെപ്പോലെയോ ആവരുതെന്ന് സഭ ആഗ്രഹിക്കുന്നു. മറിച്ച് കർമ്മങ്ങളുടെയും പ്രാർത്ഥനകളുടെയും അർത്ഥം ഗ്രഹിച്ച് തങ്ങൾ ചെയ്യുന്നതെന്താണെന്നുള്ള ബോധത്തോടും ഭക്തിയോടും സഹകരണത്തോടുംകൂടി വേണം വിശ്വാസികൾ പങ്കെടുക്കാൻ.
കൂദാശകളിലും ആരാധനയിലും വിശ്വാസികളുടെ സജീവപങ്കാളിത്തം ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ സുവിശേഷസംഘം വിഭാവനം ചെയ്യുന്ന കൗദാശീക ദൈവശാസ്ത്രപഠന കോഴ്സ് ഇദംപ്രഥമമായി നടത്തുന്നത് പൂതംകുറ്റി പള്ളിയിലാണ്. ഏവരുടേയും പ്രാർത്ഥനാപൂർണ്ണമായ പങ്കാളിത്തം അഭ്യർത്ഥിക്കുന്നു.

# പൂതംകുറ്റി മേഖല കോതമംഗലം തീർത്ഥയാത്ര

## ഒക്ടോബർ 1ന് കോടാലി സെന്റ് മേരീസ് പള്ളിയിൽ നിന്ന് പുറപ്പെടും

പ്രസിദ്ധമായ കോതമംഗലം തീർത്ഥയാത്ര ഈ വർഷം ഒക്ടോബർ 1 വ്യാഴം രാവിലെ 10.30 ന് തൃശൂർ ഭദ്രാസനത്തിലെ കോടാലി സെന്റ് മേരീസ് പള്ളിയിൽ നിന്ന് പുറപ്പെടും. വടക്കൻ ഭദ്രാസനങ്ങളിലെ തീർത്ഥാടകർ വാഹനമാർഗ്ഗം കോടാലി പള്ളിയിൽ എത്തിച്ചേർന്ന് ബാവായുടെ നാമത്തിൽ പ്രത്യേക പ്രാർത്ഥനകൾ നടത്തി, കാൽനടയായി യാത്ര പുറപ്പെട്ട് വെള്ളികുളങ്ങര സെന്റ് മേരീസ് പള്ളിയിൽ എത്തിചേർന്ന് മാരാംകോട്, കുറ്റിച്ചിറ, ചായ്പ്പൻ കുഴി, വെട്ടികുഴി, പച്ചക്കാട്, സിൽവർ സ്റ്റോം, ഏഴാറ്റുമുഖം പ്രകൃതിഗ്രാമം വഴി 6ന് പൂതംകുറ്റിയിൽ എത്തും.

അങ്കമാലി ഭദ്രാസനത്തിന്റെയും മൂക്കന്നൂർ പൗരാവലിയുടെയും ആഭിമുഖ്യത്തിൽ പള്ളിയിലേക്ക് സ്വീകരിച്ചാനയിക്കും. പ്രാർത്ഥന, ഭക്ഷണം എന്നിവയ്ക്കു ശേഷം തീർത്ഥാടകർ പൂതംകുറ്റി പള്ളിയിൽ വിശ്രമിക്കും. ഒക്ടോബർ 2 വെള്ളി പുലർച്ചെ വി.കുർബ്ബാനയ്ക്കു ശേഷം 6ന് തീർത്ഥയാത്ര പുറപ്പെട്ട് മൂക്കന്നൂർ, തവളപ്പാറ, പുല്ലാനി, തുറവൂർ, തോട്ടകം, മറ്റൂർ, കുറുപ്പംപടി വഴി വൈകീട്ട് 6ന് കോതമംഗലം കബറിലെത്തും. കിടങ്ങൂർ മാർ ബസേലിയോസ്, മഞ്ഞപ്ര സെന്റ് ജോർജ്ജ് എന്നീ പള്ളികളിൽ നിന്ന് പുറപ്പെടുന്ന തീർത്ഥയാത്രകൾ തുറവൂർ ചാപ്പലിൽ സംഗമിക്കും.ആഴകം, പീച്ചാനിക്കാട്, പൊയ്ക്കാട്ടുശ്ശേരി പള്ളികളിൽ നിന്നുള്ള തീർത്ഥയാത്രകൾ മറ്റൂർ പള്ളിയിൽ പൂതംകുറ്റി മേഖല തീർത്ഥയാത്രയുമായി സംഗമിക്കും.

# വനിതാ സമാജം കലോത്സവം

മർത്ത മറിയം വനിതാസമാജത്തിന്റെ മേഖലാ കലോത്സവം സെപ്തംബർ 5 വെള്ളിയാഴ്ച 10.30ന് ആരംഭിക്കും. അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ഏല്ല്യാകുട്ടി ആന്റണി ഉദ്ഘാടനം ചെയ്യും. സമാജം മേഖലാ സെക്രട്ടറി ശ്രീമതി ശുഭാ ജോസഫ് ആശംസകളർപ്പിക്കും. സംഗീതം, പ്രസംഗം, ആരാധനഗീതം മലയാളം, ബൈബിൾക്വിസ് എന്നീ മത്സരങ്ങൾ ഉണ്ടായിരിക്കും. കാലം ചെയ്ത പരിശുദ്ധ പാത്രിയർക്കീസ് ബാവയുടെ നാമത്തിൽ ഈ ഇടവക ഏർപ്പെടുത്തിയിരിക്കുന്ന 'മോറാൻ മോർ ഇഗ്നാത്തിയോസ് എവറോളിംഗ് ട്രോഫി' ഏറ്റവും കൂടുതൽ പോയിന്റ് നേടി 1 ഉം 2 ഉം സ്ഥാനങ്ങൾ നേടുന്ന യൂണിറ്റുകൾക്ക് നൽകുന്നതാണ്.

# അദ്ധ്യാപക സംഗമം

എം.ജെ.എസ്.എസ്.എ. അങ്കമാലി ഡിസ്ട്രിക്റ്റ് അദ്ധ്യാപക സംഗമം പൂതംകുറ്റി പള്ളിയിൽ എട്ടുനോമ്പ് പെരുന്നാളിനോടനുബന്ധിച്ച് സെപ്റ്റംബർ 6 ഞായറാഴ്ച രാവിലെ 10.30 ന് ആരംഭിക്കും. ഡിസ്ട്രിക്റ്റിലെ മുഴുവൻ അദ്ധ്യാപകരും സംഗമത്തിൽ പങ്കുചേരും. ക്നാനായ ഭദ്രാസനത്തിന്റെ അഭിവന്ദ്യ കുരിയാക്കോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത യോഗം ഉദ്ഘാടനം ചെയ്യും. ഭദ്രാസന ഡയറക്ടർ ശ്രീ. പി.വി. ജേക്കബ്, ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടർ ശ്രീ. ടി.പി. വർഗ്ഗീസ് എന്നിവർ ആശംസകളർപ്പിക്കും. തൃക്കാക്കര കാർഡിനൽ ഹയർസെക്കന്ററി സ്കൂളിലെ റവ. സിസ്റ്റർ ടെസ്സിയാണ് ക്ലാസ് നയിക്കുന്നത്. ഡിസ്ട്രിക്റ്റ് പ്രസിഡന്റ് റവ. ഫാ. വർഗ്ഗീസ് തൈപ്പറമ്പിൽ യോഗത്തിൽ സമാപന സന്ദേശം നൽകും.

# FISAT

Focus on Excellence

## Moulding socially committed visionaries

Federal Institute of Science And Technology, popularly known as FISAT is the brain child of Federal Bank Officers' Association Educational Society (FBOAES), an initiative of Federal Bank Officers' Association (FBOA). The brand name FISAT has high acceptability in the professional educational scene and among top Corporates.



**MOST Preferred private self financing engineering college in Kerala**

### THE FISAT EDGE

- Decade long track record of outstanding results & consecutive university ranks
- Record placement with maximum companies visiting the campus
- AICTE funded research centres and projects
- Only Engineering College in Kerala with Super Computer developed in-house
- Five Star rated by IIT, Mumbai for Centre for Continuing Education (CCE)
- Numerous opportunities to enrich cultural and sports interests
- Social Outreach Programmes to instill social commitment

### PROGRAMMES OFFERED

INSTITUTION CODE: FIT

**B.Tech.**
- Civil Engg.
- Mechanical Engg.
- Computer Science & Engg.
- Electrical & Electronics Engg.
- Electronics & Communication Engg.
- Electronics & Instrumentation Engg.

**M.Tech.**
- Communication Engineering
- VLSI & Embedded Systems
- Computer Integrated Manufacturing
- Power Electronics & Power Systems
- Computer Science & Information Systems
- Structural Engineering & Construction Management

**MCA**
- Master of Computer Applications (3 year)
- Master of Computer Applications (2 year - Lateral Entry)

**MBA**

Master of Business Administration

For Admission Details, Visit : http://admission.fisat.ac.in



**Federal Institute of Science And Technology (FISAT)®**

Managed by FBOA Educational Society

Hormis Nagar, Mookkannoor P.O., Angamaly - 683 577, Kerala.

Ph: 0484 - 2725 272, E-mail : mail@fisat.ac.in, Website: www.fisat.ac.in

FOCUSED ON EXCELLENCE ★ COMMITTED TO SOCIETY





# ഫ്ളക്സ് & വിനൈൽ
## കളർ ഓഫ്സെറ്റ്
## പ്രിന്റിംഗ്

**ELBIN printers**

കളർ ലേസർ വെഡ്ഡിംഗ് കാർഡ്സ് & പ്രിന്റിംഗ്

BROCHURE | BUSINESS CARDS
NOTICES | POSTERS
LOGO DESIGNING

**FLEX PRINTING**

K.V. Varkey Memorial Building,
Near Federal Bank, ANGAMALY
E-mail: elbinpress@gmail.com

**OFFSET PRINTING**

ADAM BAZAR, T.B. Jn., Old Market Rd
Opp. Seemas, ANGAMALY
Ph: 0484 - 3932217
E-mail: elbinprinters@gmail.com

9846198306 | 9745010024
0484 3190307



പെരുന്നാൾ ആശംസകളോടെ....

**ZIGNALS**

**Digital Security Systems**

1 st Floor ,Edassery Building
Railway Stations Junction Karukutty-Angamaly
email:zignalsdigisecure@gmail.com

Contact : 8111924726, 8111924728

Confused...?
Let Help You find the
Answers Right For You...
What We needs
to be looked upon...

- SCALABILITY
- FLEXIBILITY
- COST
- FUTURE EXPANSION
- PERFORMANCE
- RIGHT TECHNOLOGY PARTNER

Intercom | Alarm Systems | GPS | Remote Gate etc...



Analogue and HD dome Cameras



Analogue and HD Bullet Out DoorCameras



Analogue and HD DVRs







ഉപഭോക്താക്കളുടെ അഭിരുചിക്കും ബജറ്റിനും അനുയോജ്യമായ രീതിയിൽ
കിച്ചൻ ഡിസൈനിംഗ് മുതൽ നിർമ്മാണം വരെയുള്ള ജോലികൾചെയ്തു കൊടുക്കുന്നു.

# FEBA
## KITCHENS

A PERFECT CHOICE FOR MODULAR KITCHEN

Feba Kitchen, Delta Centre, Near Mosque
Kalady Road, Angamaly, Ph: 0484 2457365
Mob: 9961444683, 9847035812
E-mail: febakitchen07@yahoo.com
febakitchens@rediffmail.com
Web: www.febakitchens.com



പെരുന്നാൾ ആശംസകളോടെ...

# കരേടത്ത് കുടുംബയോഗം

2015 സെപ്റ്റംബർ 24 വ്യാഴാഴ്ച കുടുംബയോഗത്തിന്റെ ഉദ്ഘാടനം
ആഴകം സെന്റ് മേരീസ് ഹെർമ്മോൻ പള്ളി ഓഡിറ്റോറിയത്തിൽവച്ച്
അഭിവന്ദ്യ ഏലിയാസ് മോർ അത്താനാസിയോസ് മെത്രാപ്പോലീത്ത നിർവ്വഹിക്കുന്നു.
സാമൂഹിക സാംസ്കാരിക രംഗത്തെ പ്രമുഖർ പങ്കെടുക്കുന്നു.


Printed and Published By : PP Eldho, General Convenor. Ph : 9745370223 — Design : Elbin, Angamaly : 98461 98306